പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3448 — 12.12.2014 ലെ മറുപടിയ്ക്ക്

## യൂറിയ ക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബാബു എം. പാലിശ്ശേരി | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരുവർഷം കൃഷിക്ക് വളമായി ഉപയോഗിക്കുന്നതിന് ശരാശരി എത്രടൺ യൂറിയ ആവശ്യമുള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്; | (എ) | സംസ്ഥാനത്ത് 2014-15 സാമ്പത്തിക വർഷം ഖാരീഫ്, റാബി എന്നീ രണ്ട് വിള സീസണുകളിലായി 2 ലക്ഷം മെട്രിക് ടൺ യൂറിയ ആവശ്യമുള്ളതായി കണക്കാക്കുന്നു. |
| (ബി) | അടുത്ത കാലത്തായി യൂറിയക്ക് വലിയ ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | യൂറിയയുടെ ക്ഷാമം നിമിത്തം കാർഷികമേഖലയിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ച സാഹചര്യത്തിൽ ആവശ്യാനുസരണം യൂറിയ ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ? | (സി) | കേന്ദ്ര പെട്രോളിയം ആന്റ് കെമിക്കൽസ് മന്ത്രാലയത്തിന്റെ കീഴിൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഫെർട്ടിലൈസേഴ്സ് ആണ് സംസ്ഥാനങ്ങൾക്ക് രാസവളം അനുവദിച്ച് തരുന്നത്. വിവിധ രാസവള ഉല്പാദന കമ്പനികൾ ഉല്പാദിപ്പിക്കുന്നതും മറ്റു രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നതുമായ രാസവളങ്ങൾ റയിൽ റേക്ക് വഴിയാണ് സംസ്ഥാനത്ത് എത്തുന്നത്.<br><br>രാസവള കമ്പനികൾ മുഖേന കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തേക്ക് അനുവദിച്ച നൽകുന്ന രാസവളങ്ങൾ മുഴുവനായും രാസവള കമ്പനികൾക്ക് സംസ്ഥാനത്ത് എത്തിച്ച് നല്കുവാൻ കഴിയാറില്ല. രാസവളം കമ്പനികൾ റെയിൽ റേക്ക് വഴിയാണ് എത്തിക്കുന്നത്. പലപ്പോഴും റെയിൽ റേക്കിന്റെ ലഭ്യത കുറവും റേക്ക് പോയിന്റിലെ അസൗകര്യങ്ങളും കാരണമാകാറുണ്ട്. യൂറിയ പോലുള്ള വളങ്ങൾ എഫ്.എ.സി.ടി ഉല്പാദിപ്പിക്കാത്തതു മൂലവും കയറ്റിറക്കിലെ ബുദ്ധിമുട്ട് കാരണം കൊച്ചി തുറമുഖത്ത് ലഭ്യത കുറവ് അനുഭവപ്പെടുന്നുണ്ട്. നമുക്ക് അനുവദിക്കുന്ന രാസവളങ്ങൾ മിക്കതും അന്യ സംസ്ഥാനങ്ങളിലെ തുറമുഖങ്ങളായ തൂത്തുക്കുടി, |

മംഗലാപുരം, ചെന്നൈ, പാരദ്വീപ്, കാരയ്ക്കൽ മുതലായ തുറമുഖങ്ങളിലാണ് ഇറക്കുമതി ചെയ്യുന്നത്. ഇക്കാരണം കൊണ്ടുതന്നെ മറ്റു സംസ്ഥാനത്തെ തുറമുഖത്തു നിന്നും നമ്മുടെ സംസ്ഥാനത്തേക്ക് വേണ്ടി അയയ്ക്കാൻ ശ്രമിക്കുമ്പോൾ എപ്പോഴും മുൻഗണന അതാതു സംസ്ഥാനങ്ങൾക്കു ലഭിക്കുകയാണ് പതിവ്. കാർഷിക സീസൺ ആരംഭിക്കുമ്പോൾ എല്ലാ സംസ്ഥാനങ്ങളും രാസവളത്തിനു വേണ്ടി പിടി മുറുക്കാറുമുണ്ട്. ഇക്കാരണങ്ങളാലാണ് ചില സമയങ്ങളിൽ സംസ്ഥാനത്ത് രാസവള ലഭ്യത കുറവ് അനുഭവപ്പെടാറുള്ളത്.

സംസ്ഥാനത്ത് സെപ്റ്റംബറിൽ അവസാനിക്കുന്ന ഖാരീഫ് സീസണിലേക്കും മാർച്ചിൽ അവസാനിക്കുന്ന റാബി സീസണിലേക്കും ആവശ്യമായി വരുന്ന രാസവളങ്ങളുടെ അലോട്ട്മെന്റ് നേടിയെടുക്കുകയും ആഴ്ചയിലൊരിക്കൽ ഇന്ത്യാ ഗവൺമെന്റ് നടത്തുന്ന വീഡിയോ കോൺഫറൻസിൽ പങ്കെടുത്ത് യൂറിയ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും റയിൽവേയിൽ ഉണ്ടാകുന്ന പ്രശ്നങ്ങളും നേരിട്ട് ഇന്ത്യാ ഗവണ്മെന്റിനെ അറിയിക്കുകയും ചെയ്യുന്നുണ്ട്.

ഇപ്പോൾ സംസ്ഥാനത്തേക്കാവശ്യമായ രാസവളങ്ങൾ ലഭിക്കുന്നതിലുള്ള പ്രശ്നങ്ങൾ തീർന്നിട്ടുണ്ട്. യൂറിയ വളം എത്തിക്കുന്നതിന് ഇഫ്കോ ജാഗ്രത പുലർത്തുന്നുണ്ട്. മറ്റു കോംപ്ലക്സ് വളങ്ങൾക്കും പൊട്ടാഷ് വളങ്ങൾക്കും ക്ഷാമം അനുഭവപ്പെടുന്നില്ല.

സെക്ഷൻ ഓഫീസർ